(സി) *അദ്ധ്യക്ഷൻ*—പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ
മെമ്പർ—സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ
മെമ്പർ—വനിതാ പഞ്ചായത്ത് മെമ്പർ/കൗൺസിലർ
മെമ്പർ—വനിതാ അഭിഭാഷക
മെമ്പർ—എസ്.സി./എസ്.ടി.യിൽപ്പെട്ട വനിതാ സാമൂഹിക പ്രവർത്തക/കൗൺസിലർ
കൺവീനർ—ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ തെരഞ്ഞെടുത്തത്) എന്നിവർ ഉൾപ്പെട്ടതാണ് ജാഗ്രതാ സമിതികൾ.

സീനിയർ സിറ്റിസൺസിനുവേണ്ടി ആനുകൂല്യങ്ങൾ

38 [3481] *ശ്രീ. കെ. അച്ചുതൻ:*
„ ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സീനിയർ സിറ്റിസൺസിനുവേണ്ടി എന്തെല്ലാം ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) കെ.എസ്. ആർ. ടി. സി. ബസ്സുകളിലെപ്പോലെ പ്രൈവറ്റ് ബസ്സുകളിലും സീനിയർ സിറ്റിസൺസിന് സീറ്റുകൾ നീക്കിവച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സീനിയർ സിറ്റിസൺസിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ 15 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 153 വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് അവരുടെ അപേക്ഷപ്രകാരം കേന്ദ്ര സർക്കാരിൽ നിന്ന് വൃദ്ധജന പരിപാലനത്തിനും വൃദ്ധസദന കെട്ടിട നിർമ്മാണത്തിനും ധനസഹായം അനുവദിക്കുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly